**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3006** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി സാമൂഹ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്; മത്സ്യബന്ധന വകുപ്പ് നേരിട്ടും, ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് തുടങ്ങിയ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ; | (എ) | 1. സമ്പാദ്യ സമാശ്വാസ പദ്ധതി<br><br>മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനായും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി. ഒരു നിശ്ചിത തുക (പരമാവധി 1,500/- രൂപ) വീതം പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും പിന്നീട് മറൈൻ മേഖലയിലെ പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഇൻലാന്റ് മേഖലയിലെ പഞ്ഞ മാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതമായ യഥാക്രമം 1,500/- രൂപ വീതം ഉൾപ്പെടുത്തി ആകെ 4,500/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു.<br><br>2. പുനർഗേഹം - തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി<br><br>തീരദേശ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുള്ള കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയാണ് പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന നടപ്പിലാക്കുന്നത്. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് |

രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറി താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

<u>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മത്സ്യ വകുപ്പ് സ.ഉ (എം.എസ്) 47/14/ മ.ഇ.വ തീയതി 09/06/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടി ക്രമങ്ങൾക്കും വിധേയമായിട്ടാണ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി സർക്കാർ ഉത്തരവ് പ്രകാരം നൽകി വരുന്നത്. +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. നടപ്പ് വർഷവും 36.78 കോടി രൂപയുടെ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്ത് കഴിഞ്ഞു.

<u>4. കടൽ സുരക്ഷാ പദ്ധതികൾ.</u>

മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും

ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 781 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം 180മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡ് കളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് Distress Alert Transmittor (DAT) GPS, 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി.

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ INCOIS വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസറ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

2017-18 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ കടൽ സുരക്ഷ, ആധുനീക വൽക്കരണ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2295 എണ്ണം ഹാൻഡ് ഹെൽഡ് ജി.പി.എസ്സുകളും 1473 മൌണ്ടഡ് ടൈപ്പ് ജി.പി.എസ്സുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 1132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം 64 എണ്ണം Distress Alert Transmittor (DAT) കൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 FRP യാനങ്ങൾ, എൻജിനുകൾ, വല എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2 കോടി, 2 കോടി, 1 കോടി രൂപയുടെ വീതം ഭരണാനുമതി നൽകുകയും അതുപയോഗിച്ച് 2758, 2747, 4631 എന്നിങ്ങനെ എണ്ണം യാനങ്ങൾക്കു പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം 75 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ചൂഷണം ചെയ്ത് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന

മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്. PMMSY 2023-24 യിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നാളിതുവരെ 3014 വിവിധ വലിപ്പത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 97 എണ്ണം കൂടി വിതരണം ചെയ്യുന്നതിനുള്ള സപ്ലൈ ഓർഡർ മത്സ്യഫെഡിന് നൽകിയിട്ടുണ്ട്.

**<u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ</u>**

**1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി-** പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**2.മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം-** മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും

ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്.

**3.വിവാഹ ധനസഹായ പദ്ധതി-**
മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/- രൂപയാണ്.

**4.മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി-** മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2,000/- രൂപയാണ്.

**5.വാർദ്ധക്യകാല പെൻഷൻ-** വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യ ത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

**6.അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി-**

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപയാണ്.

**7.മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി-**
മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

**8. എസ്.എസ് എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്-** വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി .

**ക്യാഷ് അവാർഡ് തുക**

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് - 5,000/- രൂപ

2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക്- 4,000/- രൂപ

3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 3,000/- രൂപ

4. റീജിയണൽ ഫിഷറീസ് ടെക്കനിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) - 3,000/- രൂപ

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും, മൊമെന്റോയും നൽകുന്നതാണ്.

**9. കുടുംബ സംവിധാന പദ്ധതി-** വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 500/- രൂപയാണ്.

**10. മാരകരോഗ ചികിൽസാ പദ്ധതി-**
മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 50,000/- രൂപയാണ്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

1. ഹൃദ്രോഗം പരമാവധി 50,000/- രൂപ

2. വൃക്കരോഗം പരമാവധി 50,000/- രൂപ

3. ക്യാൻസർ പരമാവധി 50,000/- രൂപ

4. തലച്ചോറിലെ ട്യൂമർ പരമാവധി 50,000/- രൂപ

5. തളർവാതം പരമാവധി 12,000/- രൂപ

6. ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം പരമാവധി 5,000/- രൂപ

**11. ചെയർമാൻസ് റിലീഫ് ഫണ്ട്-** അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന

മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും , തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിൽസ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൌരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**12.പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി-**
മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക 750/- രൂപയാണ്.

**13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി-**
മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം 5000/- രൂപയാണ്.

**14. വിധവ പെൻഷൻ-** മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി

പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകി വരുന്നു.

**15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി-**
മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും, മെമേന്റോയും നൽകുന്നു. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 1000/- രൂപ മുതൽ 10,000/- രൂപ വരെയാണ്.

**a) ദേശീയതലത്തിൽ (വ്യക്തിഗതം)**

ഒന്നാം സ്ഥാനം നേടുന്നവർക്ക്: 10,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്:8,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്: 5,000/- രൂപ

**b) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)**

ഒന്നാം സ്ഥാനം നേടുന്നവർക്ക്: 8,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്: 5,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്: 3,000/- രൂപ

**c) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)**

ഒന്നാം സ്ഥാനം നേടുന്നവർക്ക്:5,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്: 3,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്: 2,000/- രൂപ

**d) സംസ്ഥാനതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)**

ഒന്നാം സ്ഥാനം നേടുന്നവർക്ക്: 3,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക്: 2,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക്: 1,000/- രൂപ

**16. ബോർഡിന്റെ പ്രത്യേക ധനസഹായം-**

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷീക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം അനുവദിയ്ക്കുന്നു.

**പ്രത്യേക പദ്ധതികൾ**

**1. തണൽ-**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ/ അനുബന്ധത്തൊഴിലാളികൾ എന്നിവർക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സാഹയ പദ്ധതിയാണ് തണൽ. ഫിഷറീസ് – തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും , അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**2. സാന്ത്വനതീരം-**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ , ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. സാന്ത്വനതീരം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള പുതിയ പദ്ധതികൾ**

**1.** സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി - MBBS, BDS, BAMS, BHMS,പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ**,** വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**2.** ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി - മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന്

മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**3.** ഗ്രന്ഥശാല/ വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി- ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി , ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

**4.** മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ - പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും**,** അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്.

**5.** മത്സ്യ,അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി - മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും, ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ, അനുബന്ധത്തൊഴിലാളി സമൂഹത്തിൽ എത്തിക്കുന്നതിനും മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവിന് അനുവദിയ്ക്കുന്നു.

6. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി - അപകടങ്ങളിൽപെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി മത്സ്യബന്ധനയാനങ്ങൾക്കും,

വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**7.** കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി - സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർ പരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**8.** അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചിലവിനായി ധനസഹായം നൽകുന്ന പദ്ധതി - ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചിലവിനത്തിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത മൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചിലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക പ്രതിഭകളുടെ യാത്രാച്ചിലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

**9.** അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം - മത്സ്യബന്ധനത്തിൽ / അനുബ ന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്.

പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

**10.** 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി - ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

**11.** പ്രതിഭകളെ ആദരിക്കുന്ന പദ്ധതി - കലാ, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

**12.** ചെയർമാന്റെ ദുരിതാശ്വാസ നിധി - അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തിര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

**13.** ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.

**മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1. **<u>എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)</u>**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം

ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നല്കിവരുന്നു.

**<u>2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ</u>**

**a. ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശ രഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6% പലിശ നിരക്കിൽ 5 വർഷം കാലാവിധിയിൽ വിതരണം ചെയ്തു വരുന്നു.

**b. മൈക്രോഫിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു.

ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

**c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10,000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നല്കുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

### 3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നില്ക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

### 4. വലകൾക്കുള്ള സബ്സിഡി പദ്ധതി

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നല്കി വരുന്നു.

### 5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന

നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

**6. നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾക്ക് യന്ത്രവല്ക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിൻ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)**

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് വിവിധ ബാങ്കുകളിൽ മത്സ്യത്തൊഴിലാളികൾ അപേക്ഷകൾ സമർപ്പിക്കുകയും ബാങ്കുകൾ കെ.സി.സി വായ്പ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

**8. ബ്ലൂ റവലൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ഈ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൾ തുകയുള്ള പദ്ധതി നടപ്പിലാക്കി പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജനാ പദ്ധതിയിൽ 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 60 % വായ്പയോടും 40% സബ്സിഡിയോടു കൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

**9.മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി**

കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് മുഖാന്തിരം പെർമിറ്റിലൂടെ നൽകുന്ന മണ്ണെണ്ണ മത്സ്യബന്ധനാവശ്യത്തിന് തികച്ചും അപര്യാപ്തമായതിനാൽ മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 19.08.2014 ലെ 722/12/മ.ഇ.വ, 28.02.2015 ലെ സ.ഉ. (സാധാ) നം. 139/2015/മ.ഇ.വ നമ്പർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് മത്സ്യഫെഡ് 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് വെള്ള മണ്ണെണ്ണ

വിതരണം ആരംഭിക്കുകയും ചെയ്തു. 1 ലീറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സീഡി നിരക്കിൽ എഞ്ചിന്റെ കുതിരശക്തിക്ക് അനുസരിച്ച് നിശ്ചിത അളവിൽ പെർമിറ്റ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം ചെയ്തുവരുന്നുണ്ട്.

**10. മത്സ്യവിപണനം**

സർക്കാർ സംസ്ഥാനത്തിന്റെ ധനസഹായത്തോടെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർ കണ്ടീഷൻ സംവിധാനത്തോടു കൂടി 57 ഫിഷ് മാർട്ടുകളും, സഹകരണ സംഘം / ബാങ്കുമായി സഹകരിച്ചുള്ള 57 ഫ്രാഞ്ചൈസി മാർട്ടുകളും, 15 സഞ്ചരിക്കുന്ന മത്സ്യവിൽപന ശാലകളും (അന്തിപ്പച്ച) പ്രവർത്തിക്കുന്നു. മത്സ്യഫെഡ് മാർട്ടുകളിലും സഞ്ചരിക്കുന്ന മത്സ്യവിപണന ശാലകളിലും ജീവനക്കാരായി മത്സ്യത്തൊഴിലാളി മേഖലയിലെ സ്വയം സഹായ ഗ്രൂപ്പിൽ നിന്നുള്ള അംഗങ്ങളെ നിയമിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ്&ഫ്രീസിംഗ് പ്ലാന്റിൽ ( MIFP) മത്സ്യത്തൊഴിലാളി സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകളാണ് മത്സ്യ സംസ്കരണം നടത്തുന്നതും, Ready to eat, Ready to cook വിഭവങ്ങളായ വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും. മേൽ പദ്ധതിയിൽ മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നുള്ള അംഗങ്ങളായതിനാൽ അവർക്ക് സ്ഥിരവരുമാനം ലഭ്യമാകുകയും ചെയ്യുന്നു.

**11. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിലെ പദ്ധതി പ്രകാരം 509/-രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും., അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം (രൂപയുടെ പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയിൽ

അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രൂപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/-രൂപ വ്യവസ്ഥകൾ (ഒരു ലക്ഷം രൂപ)ക്ക് വിധേയമായി നല്കുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കും (പരമാവധി 10 ലക്ഷം രൂപ).

**12. മത്സ്യത്തൊഴിലാളി ക്ഷേമനിധി**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും "മത്സ്യത്തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നല്കിവരുന്നു.

മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും തുടർന്ന് നടപ്പിലാക്കുന്നതും പദ്ധതികളുടെ അടങ്കൽ വർദ്ധിപ്പിച്ചുകൊണ്ട് മത്സ്യമേഖലയിൽ കൂടുതൽ ഗുണഭോക്താക്കളിൽ ഇതിന്റെ പ്രയോജനം എത്തിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.**

**1. <u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</u> <u>(Development of Micro Enterprises)</u>** 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട്

ഘട്ടങ്ങളിലായാണ് ഗ്രാൻറ് അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. തീരദേശ മേഖലയിൽ നടപ്പിലാക്കി വരുന്ന ടി പദ്ധതി 2022 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മേഖലയിലും നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 492 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 190 ഗ്രൂപ്പുകൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 276.91 ലക്ഷം രൂപ ഗ്രാൻറ് അനുവദിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
1. ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറൻറുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു.

2. യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങുക, യൂണിറ്റ് നവീകരണം എന്നിവയ്ക്കായി 50000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെൻറ് നൽകുന്നു.

3. ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശസബ്സിഡി അനുവദിക്കുന്നു.

4. ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുന്നു.

**ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)**
മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി വരുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/-

| | | | |
|---|---|---|---|
| | | | രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു.<br><br>റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. 1050 യൂണിറ്റുകൾക്ക് ഇതുവരെ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയിലും വിവിധ ആനുകൂല്യങ്ങൾ നിലവിൽ എത്ര വീതം കുടിശ്ശിക ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി പെൻഷണർമാർക്ക് പ്രതിമാസം 1600/- രൂപ നിരക്കിൽ 3 മാസത്തെ കുടിശ്ശികയാണ് കൊടുക്കുവാനുള്ളത് (2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി മാസങ്ങൾ) കുടിശ്ശിക തുക - 24,95,13,600/- രൂപ.<br><br>വിധവ പെൻഷണർമാർക്ക് 4 മാസത്തെ കുടിശ്ശികയാണ് കൊടുക്കുവാനുള്ളത് (2024 നവംബർ, ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി മാസങ്ങൾ) കുടിശ്ശിക തുക - 5,65,31,200/- രൂപ.<br><br>വാർദ്ധക്യകാല പെൻഷനും, വിധവ പെൻഷനും സർക്കാരിൽ നിന്നാണ് അനുവദിക്കുന്നത്.<br><br>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴി ലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതിയിൽ ലഭ്യമായ 208 അപേക്ഷകളിൽ 45,25,000/- രൂപ അനുവദിച്ച് നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇൻഷുറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

**അനുബന്ധം II**

| ക്രമ നമ്പർ | രോഗചികിൽസ | ധനസഹായതുക (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, പെൻഷണർ) പ്രതിവർഷം പരമാവധി തുക (രൂപ) |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/- |
| 3 | കരൾരോഗം | 20,000/- |
| 4 | കാൻസർ | 50,000/- |
| 5 | കണ്ണ് ചികിൽസ | 25,000/- |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- |
| 8 | ഓട്ടിസം ചികിൽസ (മത്സ്യത്തൊഴിലാളിയുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/- |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധ ത്തൊഴിലാളി ) | 10,000/- |